# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

ഒരു Police Record Check (പൊലീസ് റിക്കോർഡ് ചെക്ക്)ന് കുട്ടികളും ചെറുപ്പക്കാരുമൊത്ത് പ്രവർത്തിക്കുന്നതിന് കൂടാതെ/അല്ലെങ്കിൽ സന്നദ്ധസേവനം നടത്തുന്നതിന് ഒരു വ്യക്തിയ്ക്കുള്ള അനുയോജ്യത വിലയിരുത്തുന്നതിന് (Working with Children Check (വർക്കിംഗ് വിത്ത് ചിൽഡ്രൻ ചെക്ക്)ന് പുറമെ) ഉപയോഗിക്കാനാവുന്ന സുപ്രധാന വിവരങ്ങൾ ലഭ്യമാക്കാനാവും. ക്രിമിനൽ ചരിത്ര വിവരത്തിന്റെ വിലയിരുത്തൽ എന്നത് ഒരു സംഘടന കുട്ടികളെയും ചെറുപ്പക്കാരെയും അപകടസാദ്ധ്യതയിലാക്കിയേക്കാവുന്ന ഒരു വ്യക്തിയുടെ പക്കൽ ബോധപൂർവ്വം ഏൽപ്പിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള ഒരു സുപ്രധാന അപകടസാദ്ധ്യതാ മാനേജ്മെന്റ് തന്ത്രമാണ്.

ക്രിമിനൽ കൺവിക്ഷൻ ഡാറ്റയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ക്രിമിനൽ ചരിത്ര രേഖകൾക്ക്, കുറ്റകൃത്യത്തിന്റെ യഥാർത്ഥ സംഭവങ്ങളെ കുറച്ചുകാണിക്കുന്നതിനുള്ള പ്രവണതയുണ്ടാവും. മിക്ക കുട്ടികളും, ചെറുപ്പക്കാരും, മുതിർന്നവരും തങ്ങൾക്കേറ്റ മോശമായ പെരുമാറ്റം വെളിപ്പെടുത്തുകയോ അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുകയോ ചെയ്യാത്തതിനാൽ, കുട്ടികളോട് ലൈംഗിക അതിക്രമം കാട്ടുന്നവർ തങ്ങൾ ഒരിക്കലും പിടിക്കപ്പെടാതെ കുറ്റകൃത്യം ചെയ്യുന്നത് തുടർന്നേക്കാം. ഇക്കാരണത്താൽ, പൊലീസ് റിക്കോർഡ് ചെക്കുകൾ കുട്ടികളെയും ചെറുപ്പക്കാരെയും സംരക്ഷിക്കുന്നതിനുള്ള സി.എ).എം.(CAM) ന്റെ വിശാലമായ സമീപനത്തിന്റെ ഭാഗമായി മാറുന്നു.

ഒരു ക്രിമിനൽ റിക്കോർഡ് അതിരൂപതയിൽ പ്രവർത്തിക്കുന്നതിൽ നിന്നോ സന്നദ്ധസേവനം നടത്തുന്നതിൽ നിന്നോ ഒരു വ്യക്തിയെ സ്വമേധയാ ഒഴിവാക്കുന്നില്ല എന്നും അത് വിലയിരുത്തൽ പ്രക്രിയയുടെ ഒരു ഭാഗം മാത്രമാണെന്നും മനസ്സിലാക്കേണ്ടത് പ്രധാനമാണ്.

ഒരു ശിശു സുരക്ഷാ വീക്ഷണത്തിൽ നിന്നുള്ള, ക്രിമിനൽ ചരിത്ര വിവരം ഒരു വ്യക്തിയെ കുറിച്ച് ചുവടെ പറയുന്ന കാര്യങ്ങൾ വിലയിരുത്തുന്നതിൽ ഉപയോഗപ്രദമാണ്:

- കുട്ടികൾക്കും ചെറുപ്പക്കാർക്കും (കൂടാതെ മറ്റുള്ളവർക്കും) അപകടസാദ്ധ്യത ഉയർത്തുന്നുണ്ടോ
- ഒരു ചുമതലയിൽ അന്തർലീനമായിരിക്കുന്ന ആവശ്യകതകൾ നിർവഹിക്കുന്നതിന് അനുയോജ്യമല്ലേ.

ഒരു ചുമതലയുടെ അന്തർലീനമായ അല്ലെങ്കിൽ അടിസ്ഥാനപരമായ ആവശ്യകതകൾ നിറവേറ്റാൻ ഒരു വ്യക്തിക്ക് കഴിയാത്തതിനാൽ ഒരു പ്രത്യേക ചുമതലയ്ക്ക് ആ വ്യക്തി അനുയോജ്യനല്ല എന്ന് കണ്ടെത്തുന്നത് ഒരു വിവേചന നടപടിയല്ല.

## ഉദാഹരണം

ഭവനരഹിതർക്ക് ഭക്ഷണം വിളമ്പുന്നതിനായി ഒരു കമ്മ്യൂണിറ്റി സെൻററിലേക്ക് സമീപത്തുള്ള സെക്കൻഡറി സ്കൂളുകളിൽ നിന്ന് ചെറുപ്പക്കാരെ കൊണ്ടുപോകുന്നതിനായി ഒരു ബസ് ഡ്രൈവറെ നിയോഗിക്കുന്ന കാര്യം ഒരു ഇടവക ഗ്രൂപ്പ് പരിഗണിക്കുകയാണ്. ഇൻറർവ്യൂ പ്രക്രിയ, ഒരു Working with Children Check, നിലവിലുള്ളതും സാധുവുമായ വിക്ടോറിയൻ ഡ്രൈവേഴ്സ് ലൈസൻസ് (Victorian Driver's Licence), എന്നിവയ്ക്കു പുറമേ, ഈ ചുമതലയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് തന്റെ പദവിയുടെ ചുമതലകൾ സുരക്ഷിതമായ രീതിയിൽ നിറവേറ്റാനും സാധിക്കണം എന്നുറപ്പാക്കാൻ ഇടവക ഗ്രൂപ്പ് ആഗ്രഹിക്കുന്നു.

# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

ക്രിമിനൽ ചരിത്ര വിവരത്തിന് ഉദ്യോഗാർത്ഥികളുടെ അനുയോജ്യത വിലയിരുത്തുന്നതിന് വോളൻറിയർ ഗ്രൂപ്പിനെ സഹായിക്കുന്നതിനുള്ള അധികമായുള്ളതും പ്രസക്തവുമായ വിവരങ്ങൾ പ്രദാനം ചെയ്യാനാവും. ഉദ്യോഗാർത്ഥികളുടെ അനുയോജ്യത വിലയിരുത്തുന്നതിൽ, വോളണ്ടിയർ ഗ്രൂപ്പിന് ആവശ്യമായിരിക്കുന്നത് കമ്മ്യൂണിറ്റി സെൻററിലേക്ക് 'ചെറുപ്പക്കാരെ സുരക്ഷിതമായി ഡ്രൈവ്' ചെയ്യാനുള്ള കഴിവുണ്ടായിരിക്കാൻ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കുക എന്നുള്ളതാണ്. ഉദ്യോഗാർത്ഥികളെ അവലോകനം ചെയ്യുമ്പോൾ, ഡ്രൈവിംഗ് കുറ്റകൃത്യങ്ങളെ കുറിച്ചുള്ള ക്രിമിനൽ ചരിത്ര വിവരം അനുയോജ്യനായ ഒരു ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കുന്നതിൽ ഇടവക ഗ്രൂപ്പിനെ സഹായിച്ചേക്കാം.

## ആരാണ് ഒരു പൊലീസ് റിക്കോർഡ് ചെക്കിന് വിധേയരാകേണ്ടത് ആവശ്യമായിരിക്കുന്നത്?

എല്ലാ CAM പുരോഹിതരും ജീവനക്കാരും ഒരു പൊലീസ് റിക്കോർഡ് ചെക്കിന് വിധേയരാകേണ്ടത് ആവശ്യമാണ്.

അതിരൂപതാ ഇടവകയിലും, ഏജൻസിയിലും, സ്ഥാപനങ്ങളിലുമുള്ള എല്ലാ വോളണ്ടിയർമാരും ഒരു WWCCയ്ക്ക് വിധേയമാകേണ്ടത് ആവശ്യമായിരിക്കുമ്പോൾ, എല്ലാ വോളണ്ടിയർമാരും ഒരു പൊലീസ് റിക്കോർഡ് ചെക്കിന് വിധേയരാകേണ്ട ആവശ്യമില്ല. പൊലീസ് റിക്കോർഡ് ചെക്കുകൾ ആവശ്യമായിരിക്കുന്നത് അതിരൂപതാ ഇടവകൾക്കും ഏജൻസികൾക്കും സ്ഥാപനങ്ങൾക്കുമുള്ളിൽ കുട്ടികൾക്കും ചെറുപ്പക്കാർക്കും ഉയർന്ന അപകടസാദ്ധ്യത ഉയർത്തുന്നതായി പരിഗണിക്കപ്പെടുന്ന നിശ്ചിത ചുമതലകൾക്ക് കൂടാതെ/അല്ലെങ്കിൽ പ്രവർത്തനങ്ങൾക്ക് അപേക്ഷിക്കുന്നവർക്ക് അല്ലെങ്കിൽ സന്നദ്ധസേവനത്തിന് തയ്യാറാകുന്നവർക്കാണ്.

വോളണ്ടിയർമാർ നിർവഹിക്കുന്ന നിശ്ചിത ചുമതലകൾക്ക് കൂടാതെ/അല്ലെങ്കിൽ പ്രവർത്തനങ്ങൾക്ക് ഒരു പൊലീസ് റിക്കോർഡ് ചെക്ക് ആവശ്യമാണോ എന്നു നിർണയിക്കുന്നതിനായി ഇടവക, ഏജൻസി, സ്ഥാപന സേഫ്ഗാർഡിംഗ് കമ്മിറ്റികൾ (Safeguarding Committees) ഓരോ വോളണ്ടിയർ ചുമതലയുടെയും അന്തർലീനമായ ആവശ്യകതകൾ പരിഗണിക്കുകയും, കുട്ടികൾക്കും ചെറുപ്പക്കാർക്കുള്ള അപകടസാദ്ധ്യതകൾ വിലയിരുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്.

ഒരു പൊലീസ് റിക്കോർഡ് ചെക്ക് ആവശ്യമായിരിക്കുന്ന വോളണ്ടിയർ ചുമതലകൾക്കുള്ളിലുള്ള പ്രവർത്തനങ്ങളുടെ ചില ഉദാഹരണങ്ങളിൽ ഇവ ഉൾപ്പെടുന്നു:

- ഡ്രൈവിംഗ്
- ഭവന സന്ദർശനം
- സ്പെഷ്യൽ കെയർ ഫെസിലിറ്റികൾ (ഉദാ. അഭയാർത്ഥികൾ, ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ) സന്ദർശനം
- കമ്മ്യൂണിറ്റി സപ്പോർട്ട് ഏജൻസികളിലേക്കുള്ള (ഉദാ. ഡിസെബിലിറ്റി സപ്പോർട്ട് സെൻററുകൾ) സന്ദർശനങ്ങൾ
- രാത്രി താമസങ്ങൾ (ഉദാ. ക്യാമ്പുകൾ, അന്തർസംസ്ഥാന അല്ലെങ്കിൽ വിദേശ ട്രിപ്പുകൾ)

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*

# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

- കുടുംബങ്ങൾ, കുട്ടികൾ, ചെറുപ്പക്കാർ എന്നിവരെക്കുറിച്ചുള്ള വ്യക്തിപരമാ വിവരങ്ങൾ വിലയിരുത്തുന്ന (ഉദാ. പേര്, മേൽവിലാസം, ജനനത്തീയതി, കുടുംബ സാഹചര്യങ്ങൾ) പ്രാപ്യതയോടു കൂടിയുള്ള രേഖകളുടെ കൂടാതെ/അല്ലെങ്കിൽ ധനകാര്യ മാനേജ്മെന്റ്

നിശ്ചിത വോളണ്ടിയർ ചുമതലകൾക്ക് ഒരു പൊലീസ് റിക്കോർഡ് ചെക്ക് ആവശ്യമാണോ എന്ന് നിർണയിക്കുന്നതിൽ ഇടവക, ഏജൻസി, സ്ഥാപന Safeguarding Committees എന്തെങ്കിലും സഹായം ആവശ്യമാണെങ്കിൽ Professional Standards Unit (പ്രൊഫഷണൽ സ്റ്റാൻറേർഡ്സ് യൂണിറ്റ്)ൽ നിന്ന് ഉപദേശം തേടാൻ അവരെ പ്രോത്സാഹിപ്പിക്കുന്നു.

## എപ്പോഴാണ് ഒരു പൊലീസ് റിക്കോർഡ് ചെക്ക് ആവശ്യമായിരിക്കുന്നത്?

ആരംഭത്തിലും ഓരോ 3 വർഷത്തിലുമാണ് ഒരു ഒരു പൊലീസ് റിക്കോർഡ് ചെക്ക് ആവശ്യമായിരിക്കുന്നത്.
ഇടവേളയിൽ, ഒരു പൊലീസ് റിക്കോർഡ് ചെക്ക് കരസ്ഥമാക്കിയിട്ടില്ലാത്തപ്പോൾ, ആ വ്യക്തി Criminal History Statutory Declaration (ക്രിമിനൽ ഹിസ്റ്ററി സ്റ്റാറ്റ്യൂട്ടറി ഡിക്ലറേഷൻ) ഫോം പൂരിപ്പിക്കേണ്ടത് ആവശ്യമാണ്.

## പ്രസക്തമായ ക്രിമിനൽ ചരിത്ര വിവരം വെളിപ്പെടുത്താനുള്ള നിലനിൽക്കുന്ന ബാദ്ധ്യത

ഇതു കൂടാതെ, അടുത്ത പൊലീസ് റിക്കോർഡ് ചെക്കിനു മുമ്പുള്ള ഇടവേളയിൽ, പൊലീസ് റിക്കോർഡ് ചെക്കിനു വിധേയമാകുന്നവർ, ചുവടെ പറയുന്നവ ആയി പരിഗണിക്കുന്ന അല്ലെങ്കിൽ പരിഗണിക്കപ്പെട്ടേക്കാവുന്ന ഏതെങ്കിലും ക്രിമിനൽ കുറ്റകൃത്യത്തിൽ പ്രതി ചേർത്തിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ കുറ്റവാളിയായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ, അവർ അക്കാര്യം തങ്ങളുടെ ‘തൊഴിലുടമയെ’ അറിയിക്കേണ്ടത് ആവശ്യമാണ്:

- തങ്ങളുടെ ചുമതലയെ സംബന്ധിച്ചിടത്തോളം പ്രസക്തം
- തങ്ങളുടെ ചുമതലയുടെ അന്തർലീനമായ ആവശ്യകതകളെ സംബന്ധിച്ചിടത്തോളം പ്രസക്തം
- കുട്ടികൾക്കും ചെറുപ്പക്കാർക്കും അപകടസാദ്ധ്യത ഉയർത്തുന്നത്
- പ്രസക്തമായ ഏത് പ്രതി ചേർക്കലുകളും കുറ്റവാളിയാണെന്നുള്ള കണ്ടെത്തലുകളും തങ്ങളുടെ തൊഴിലുടമയോട് വെളിപ്പെടുത്തണമെന്നുള്ള ആവശ്യകത പെരുമാറ്റച്ചട്ടത്തിൽ (Code of Conduct) ഉൾപ്പെടുത്തിയിട്ടുണ്ട്.

## ക്രിമിനൽ ചരിത്ര വിവരത്തിനുള്ള അവലോകന പ്രക്രിയ

എല്ലാ ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് വിവരങ്ങളും, ഉദാ, വെളിപ്പെടുത്താനാവുന്ന പരിണിതഫലങ്ങൾ, കർശനമായ രഹസ്യസ്വഭാവത്തിൽ കൈകാര്യം ചെയ്യുന്നതാണ്.

ഈ പ്രക്രിയയിലൂടെ ക്രിമിനൽ കുറ്റകൃത്യങ്ങളുടെ ഒരു ചരിത്രം വെളിപ്പെടുത്തണം എന്നുണ്ടെങ്കിൽ, ഇക്കാര്യം ചുവടെ പറയുന്നവർക്ക് അയച്ചുകൊടുക്കേണ്ടതാണ്:

- കുട്ടികൾക്കും ചെറുപ്പക്കാർക്കും മറ്റുള്ളവർക്കും ഒരു അപകടസാദ്ധ്യത ഉയർത്തിയേക്കാവുന്ന കുറ്റവാളിയാണെന്നുള്ള കണ്ടെത്തലുകളുടെ അല്ലെങ്കിൽ പ്രതിചേർക്കലുകളുടെ വിലയിരുത്തലിനായി പ്രൊഫഷണൽ സ്റ്റാൻറേർഡ്സ് യൂണിറ്റിനും ഹ്യൂമൻ റിസോഴ്സിനും

# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

- പുരോഹിത വിഭാഗത്തിലെ അംഗങ്ങൾക്കായി വികാരി ജനറലിനും പ്രൊഫഷണൽ സ്റ്റാൻഡേർഡ്സ് യൂണിറ്റിനും

ക്രിമിനൽ ചരിത്ര വിവരങ്ങളുടെ ഒരു വിലയിരുത്തൽ ചുവടെപറയുന്ന തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരിക്കും:

- ചുമതലയുടെ ആവശ്യങ്ങളോടുള്ള കുറ്റകൃത്യത്തിന്റെ(ങ്ങളുടെ) പ്രസക്തി
- കുറ്റകൃത്യത്തിന്റെ(ങ്ങളുടെ) സ്വഭാവവും അതിന് നിശ്ചിത ചുമതലയുമായും CAM ഇടവക, ഏജൻസി അല്ലെങ്കിൽ സ്ഥാപനത്തിന്റെ മൂല്യങ്ങളുമായുമുള്ള ബന്ധം
- ചുമതലയും, കുട്ടികളുമായും, ചെറുപ്പക്കാരുമായും, ഹാനിയേൽക്കാവുന്ന സാഹചര്യങ്ങളിലായിരിക്കുന്ന മറ്റുള്ളവരുമായുമുള്ള അതിന്റെ ഇടപെടലും
- കുട്ടികളുടെയും, ചെറുപ്പക്കാരുടെയും, ഹാനിയേൽക്കാവുന്ന സാഹചര്യങ്ങളിലായിരിക്കുന്ന വ്യക്തികൾക്കുമുള്ള അപകടസാദ്ധ്യതകൾ
- ഏറ്റവും അടുത്തകാലത്ത് നടന്ന കുറ്റകൃത്യത്തിനു ശേഷം പിന്നിട്ടുകഴിഞ്ഞ സമയം
- ക്രിമിനൽ ചരിത്രത്തിന്റെ വ്യാപ്തി (ഉദാ. പെരുമാറ്റത്തിന്റെ ഒരു മാതൃക സൂചിപ്പിക്കുന്ന നീണ്ടുകിടക്കുന്ന ഒരു ക്രിമിനൽ ചരിത്രത്തിന്റെ തെളിവുണ്ടോ)
- കുറ്റകൃത്യങ്ങളുടെ എണ്ണവും ആവൃത്തിയും (ഉദാ. പെരുമാറ്റത്തിന്റെ ഒരു മാതൃക സ്ഥിരീകരിക്കുന്നതിന്)
- കുറ്റകൃത്യം(ങ്ങൾ) ചെയ്തത് ഒരു മുതിർന്ന വ്യക്തിയായിട്ടാണോ അതോ പ്രായപൂർത്തിയാകാത്ത വ്യക്തിയായിട്ടാണോ
- നൽകിയ ശിക്ഷയുടെ തീവ്രത
- കുറ്റകൃത്യം ഇപ്പോഴും ഒരു കുറ്റം ആണോ അല്ലെങ്കിൽ ആ കുറ്റം കുറ്റകൃത്യം അല്ലാതാക്കിയിട്ടുണ്ടോ
- കുറ്റകൃത്യം(ങ്ങൾ) ചെയ്തതിനു ശേഷമുള്ള വ്യക്തിയുടെ സ്വഭാവം
- പരിഗണിക്കുന്നതിന് പ്രസക്തമായേക്കാവുന്ന മറ്റ് ലഘൂകരണ ഘടകങ്ങൾ

ആശങ്കയുണ്ടാക്കുന്ന വിഷയങ്ങളും പൊലീസ് റിക്കോർഡ് ചെക്ക് പ്രക്രിയയിലൂടെ വെളിപ്പെടുത്തപ്പെട്ട വിവരങ്ങളും പുരോഹിതരെയും, ജീവനക്കാരെയും വോളണ്ടിയർമാരെയും രേഖാമൂലം അറിയിക്കുന്നതും, കൂടുതൽ വിവരങ്ങൾ നല്കുന്നതിന് അല്ലെങ്കിൽ വെളിപ്പെടുത്താനാവുന്ന പരിണിതഫലങ്ങളെ കുറിച്ച് തർക്കം ഉന്നയിക്കുന്നതിന് അവസരം നല്കുന്നതുമാണ്.

CAM ചുവടെപറയുന്ന കാര്യങ്ങൾ നിർണയിക്കുന്നതിനുള്ള ഒരു അപകടസാദ്ധ്യതാ വിലയിരുത്തൽ പ്രക്രിയ നടത്തുന്നതാണ്:

- വ്യക്തിക്ക് ചുമതലയിൽ അന്തർലീനമായിരിക്കുന്ന ആവശ്യകതകൾ നിർവഹിക്കാൻ കഴിയുന്നുണ്ടോ
- കുട്ടികൾക്കും ചെറുപ്പക്കാർക്കും ഉയർത്തുന്ന അപകടസാദ്ധ്യത
- വ്യക്തിയെ നിയമിക്കാനാവുമോ അല്ലെങ്കിൽ അവരുടെ പദവിയിൽ നിലനിർത്താനാവുമോ

അപകടസാദ്ധ്യതാ വിലയിരുത്തലിന്റെ പരിണിതഫലം വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും തങ്ങളുടെ ചുമതലയിൽ തുടരാൻ അവർക്ക് കഴിയില്ല എങ്കിൽ പിന്തുണ പ്രദാനം ചെയ്യുന്നതുമാണ്.

# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

## മുമ്പ് വിദേശത്ത് താമസിച്ചിരുന്നവർക്കുള്ള ആവശ്യകതകൾ

കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയ്ക്ക് 12 മാസമോ അതിൽ കൂടുതലോ ഓസ്ട്രേലിയയ്ക്കു പുറത്തു താമസിച്ചിരുന്നവർ പൗരത്വമുള്ള എല്ലാ രാജ്യങ്ങൾക്കും അപേക്ഷകൻ 12 മാസമോ അതിൽ കൂടുതലോ താമസിച്ചിരുന്ന ഓരോ രാജ്യത്തിനും ഒരു ക്രിമിനൽ റിക്കോർഡ് ചെക്ക് കരസ്ഥമാക്കേണ്ടത് ആവശ്യമാണ്.

ഈ ആവശ്യകത ചുവടെ പറയുന്നവർക്ക് ബാധകമായിരിക്കുന്നതാണ്:

- ജീവനക്കാർ
- തൊഴിലിനായി അപേക്ഷിക്കുന്നവർ
- നിശ്ചിത വോളണ്ടിയർ ചുമതലകൾ - വോളണ്ടിയർമാർക്കുള്ള ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് ആവശ്യകതകൾ കാണുക
- കുടിയേറ്റക്കാരായ പുരോഹിതർ
- പുരോഹിതർ
- വിദേശത്ത് പഠനം നടത്തിയ സെമിനാരി വിദ്യാർത്ഥികൾ
- സന്ദർശനം നടത്തുന്ന പുരോഹിതർ

വിദേശകാര്യ വവകുപ്പിന്റെ (Department of Foreign Affairs) ഉപദേശ പ്രകാരം, ഒരു പ്രത്യേക രാജ്യത്തിൽ നിന്ന് ഒരു പ്രത്യേക ക്രിമിനൽ റിക്കോർഡ് ചെക്ക് കരസ്ഥമാക്കാനാവുന്നില്ലെങ്കിൽ, ഒരു വിദേശ പൊലീസ് ചെക്ക് കരസ്ഥമാക്കാനായി നടത്തിയ പരിശ്രമങ്ങൾ വരച്ചുകാട്ടുന്ന ഒരു നിയമാനുസൃത വെളിപ്പെടുത്തലു ഗുരുതരമായ ലൈംഗിക, അക്രമ, അല്ലെങ്കിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രതിചേർക്കലുകളുടെ അല്ലെങ്കിൽ ചെലവഴിച്ച ശിക്ഷകളുടെ ഒരു വെളിപ്പെടുത്തലും കരസ്ഥമാക്കേണ്ടത് ആവശ്യമാണ്.

## നാഷണൽ ക്രിമിനൽ റിക്കോർഡ് ചെക്കുകളുമായി ബന്ധപ്പെട്ട് ഇടവക, ഏജൻസി, സ്ഥാപനം എന്നിവയുടെ ഉത്തരവാദിത്തങ്ങൾ

അതിരൂപതയിലെ ഇടവകകൾ, ഏജൻസികൾ സ്ഥാപനങ്ങൾ എന്നിവ അസ്സൽ പൊലീസ് പരിശോധനാ പ്രമാണം കണ്ടിരിക്കേണ്ടതും, വ്യക്തിയുടെ പേര്, ജനനത്തീയതി, പദവി, പൊലീസ് സർട്ടിഫിക്കറ്റ് റെഫറൻസ് നമ്പർ, പ്രസക്തമായ എല്ലാ ചുമതലകൾക്കും ഓരോ 3 വർഷങ്ങളിലും ചെക്കുകൾ നടത്തുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനായി വിതരണം ചെയ്ത തീയതിയും പുതുക്കൽ തീയതിയും ഉൾപ്പെടെയുള്ള എല്ലാ ദേശീയ ക്രിമിനൽ റിക്കോർഡ് ചെക്കുകളുടെയും ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

| |
|---|
| ബന്ധപ്പെട്ട പ്രമാണങ്ങൾ National Police Record Check Policy |

# ക്രിമിനൽ ഹിസ്റ്ററി റിക്കോർഡ് ചെക്ക് (പൊലീസ് റിക്കോർഡ് ചെക്ക്)

CATHOLIC ARCHDIOCESE
OF MELBOURNE

പതിപ്പ് 1:
ജൂലൈ 2019
പ്രൊഫഷണൽ
സ്റ്റാൻറേർഡ് യൂണിറ്റ്
psu@cam.org.au

*മെൽബൺ അതിരൂപത എല്ലാ കുട്ടികളുടെയും ചെറുപ്പക്കാരുടെയും വ്യണിതാരാകാവുന്ന സാഹചര്യങ്ങളിലുള്ള മുതിർന്നവരുടെയും സുരക്ഷിതത്വത്തിനും ക്ഷേമത്തിനും, അന്തസ്സിനും പ്രതിജ്ഞാബദ്ധമാണ്.*